**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6736** **11-11-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് ഭൂമിയുടെ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ഭൂമിയുടെ സർവ്വേ പ്രവർത്തനങ്ങൾ കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ ഇത് എത് ഘട്ടത്തിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര വഖഫ് നിയമം സെക്ഷൻ 4 പ്രകാരം വഖഫ് വസ്തുക്കളുടെ സർവ്വെ നടത്തുന്നതിനായി സർവ്വെ കമ്മീഷണറെ നിയമിച്ചിട്ടുള്ളതും ടി സർവ്വെ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ സർവ്വെ നടപടികൾ നടന്നുവരികയുമാണ്. അപ്രകാരം സർവ്വെ നടത്തി സർവ്വെ കമ്മീഷണർ സമർപ്പിക്കുന്ന റിപ്പോർട്ടിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ (കെട്ടിട നമ്പർ ഉൾപ്പെടെ) പരാമർശിക്കേണ്ടതാണെന്ന് 2019-ലെ വഖഫ് റൂൾസ് 4(2) (21)-ൽ നിഷ്കർഷിക്കുന്നുണ്ട്. നാളിതുവരെ തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളിലെ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളതും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ സർവ്വെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | കാലങ്ങളായി വഖഫ് സ്ഥാപനത്തിന്റെ സ്വാധീനത്തിൽ ഉള്ളതും എന്നാൽ സ്ഥാപനത്തിന്റെ പേരിൽ രേഖയില്ലാത്തതുമായ ഭൂമി വഖഫ് സർവ്വേയിൽ ഉൾപ്പെടുമോ; ഇത് വഖഫ് ഭൂമിയായി പരിഗണിക്കുമോ? | (ബി) | 1995 ലെ വഖഫ് നിയമം വകുപ്പ് 3(r)(i) പ്രകാരം വഖഫായി ഉപയോഗത്തിലുള്ള വസ്തുക്കൾ വഖഫിന്റെ നിർവ്വചനത്തിൽ വരുന്നതാണ്. വഖഫ് സർവ്വെയിലൂടെ കണ്ടെത്തുന്ന ഇത്തരം ഭൂമികൾ ഭൂമിയുടെ സ്വഭാവം (പുറമ്പോക്ക്, മറ്റ് ജന്മിയുടെ കൈവശമുള്ള ഭൂമി എന്നിവ) അനുസരിച്ച് നിലവിലുള്ള നിയമം/ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ